I/89116/2023

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**

**ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം- പത്തനാപുരം ഗ്രാമപഞ്ചായത്തില് പത്തനാപുരം വില്ലേജിൽ സർവ്വേ നമ്പർ 480/G/27, 480/1/H, 480/1A/F/28, 480/1/M, 480/1/E8-40, 480/E/41, 480/1D/22, 480/1M-21, 480/L, 480/L, 480/5/37 ൽ പെട്ട 213.67 ആർ സ്ഥലത്ത് 9329.78 ച മീ വിസ്തൃതിയിൽ നിലവിലുണ്ടായിരുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് പുറമേ B+G+F+S+stair room കളിലായി 3901.34 ച മീ വിസ്തൃതിയിൽ നിർമ്മാണം പൂർത്തീകരിച്ച സ്കൂൾ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി മാനേജർ, society of the order of sacred transfiguration, മൗണ്ട് താബോർ, പത്തനാപുരത്തിന് ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- മാനേജർ, society of the order of sacred trasfiguration, മൗണ്ട് താബോർ, പത്തനാപുരം സമർപ്പിച്ച 01.03.2023 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPKLM/103/2023/C തീയതി #ApprovedDate#**

പത്തനാപുരം ഗ്രാമപഞ്ചായത്തില്, പത്തനാപുരം വില്ലേജിൽ സർവ്വേ നമ്പർ 480/G/27, 480/1/H, 480/1A/F/28, 480/1/M, 480/1/E8-40, 480/E/41, 480/1D/22, 480/1M-21, 480/L, 480/L, 480/5/37 ൽ പെട്ട 213.67 ആർ സ്ഥലത്ത് 9329.78 ച മീ വിസ്തൃതിയിൽ നിലവിലുണ്ടായിരുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് പുറമേ B+G+F+S+stair room കളിലായി 3901.34 ച. മീ വിസ്തൃതിയിൽ നിർമ്മാണം പൂർത്തീകരിച്ച സ്കൂൾ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി മാനേജർ, society of the order of sacred transfiguration, മൗണ്ട് താബോർ, പത്തനാപുരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR 2019 നും അനുബന്ധങ്ങൾക്കും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേയൗട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിക്കണം.

5. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
6. പ്ലോട്ടിന്റെ തെക്ക് വശത്തു ചട്ടം 26(4) പ്രകാരം ആവശ്യമായ തുറസ്സായ സ്ഥലം ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
7. ചട്ടം അനുസരിച്ച ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
8. KPBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
9. ചട്ടം 35 (2) പ്രകാരമുള്ള അഗ്നി സുരക്ഷ ഗോവണി ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. അപേക്ഷകന്റെ ഉടമസ്ഥതയില് തുടർച്ചയായി മറ്റു പ്ലോട്ടുകൾ ഇല്ല എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
11. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നടപടി ക്രമം പൂർത്തിയാക്കി ക്രമവൽക്കരണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ കെട്ടിടം ഉപയോഗിക്കാവൂ.

**6/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.**

Signed by TOWN PLANNER
Shary M V
Date: 17-03-2023 13:42:38

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

The Manager
Society of the order of sacred transfiguration
Mount tabour Diara
Pathanapuram, Kollam

പകർപ്പ്: സെക്രട്ടറി, പത്തനാപുരം ഗ്രാമപഞ്ചായത്ത്

I/89116/2023